പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് വേതന വർദ്ധനവ്

നക്ഷത്രചിഹ്നമിടാത്ത 07.07.2014 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 5859

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതന വർദ്ധനവ് പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ വേതനം 20% വരെ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് മെറ്റേണിറ്റി ലീവ് ഉൾപ്പെടെ വിവിധ സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസീയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർ ഉൾപ്പെടെയുള്ള കരാർ ജീവനക്കാർക്ക്, 1/11 എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 ദിവസത്തെ ആർജ്ജിത അവധി അനുവദിക്കുകയും ഈ ആർജ്ജിത അവധി സറണ്ടർ ചെയ്യുവാനുള്ള അവകാശവും നല്കിയിട്ടുണ്ട്. ഒരു വർഷം പരമാവധി 12 ദിവസത്തെ ആകസ്മിക അവധി (ഒരു സമയം പൊതു അവധി ദിനങ്ങൾ ഉൾപ്പെടെ 7 ദിവസം കവിയാതെ) അനുവദിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജീവനക്കാരെ ഒരു വർഷത്തേക്ക് താല്ക്കാലികമായിട്ടാണ് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത്. ഒരു വർഷത്തേക്ക് നിയമിക്കുന്ന കരാർ ജീവനക്കാർക്ക് മെറ്റേണിറ്റി ലീവിന് നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് അർഹത ഇല്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അനുഭാവ പൂർവ്വമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ